4. യൂത്ത് ഐക്കൺ പദ്ധതി

5. ജോബ് പോർട്ടൽ.

6. പ്രാദേശിക അദാലത്തുകൾ/സിറ്റിംഗുകൾ.

മുകളിൽ പറഞ്ഞ പദ്ധതികൾക്ക് പുറമെ, യുവജനങ്ങളുടെ അവകാശ നിഷേധവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ പരിശോധിച്ച് പരിഹാരശ്രമം നടത്തുന്നതിനും കമ്മീഷൻ യത്നിക്കുന്നുണ്ട്. യുവജനക്ഷേമ ബോർഡ് നടത്തുന്ന പരിപാടികളിൽ ഭൂരിഭാഗവും തുടർപദ്ധതികളാണ്. 2014-15 സാമ്പത്തിക വർഷം ബോർഡ് കേരളോത്സവം, യുവശക്തി യുവവിജയം, സാംസ്കാരിക പ്രവർത്തനങ്ങൾ, സാഹസിക കായിക പ്രവർത്തനങ്ങൾ, കരുതലും കൈത്താങ്ങും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൃഷി-പരിസ്ഥിതി, ദേശീയോദ്ഗ്രഥന പരിപാടികൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് ഭവൻ, പഠന ഗവേഷണകേന്ദ്രം എന്നീ സ്കീമുകളിൽ ഉൾപ്പെടുന്ന പദ്ധതികളാണ് നടത്തിവരുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവത്വം സാഹിത്യ ക്യാമ്പ്

247 (6698) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക വഖഫ് ന്യൂനപക്ഷകാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവത്വം സാഹിത്യ ക്യാമ്പ് പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ :

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുതപരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ യുവ എഴുത്തുകാരുടെ കഴിവുകളെ പരിപോഷിപ്പിക്കുക, സാഹിത്യരംഗത്തെ പ്രഗത്ഭരുമായി സംവദിക്കുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കുക, അതിലൂടെ യുവസാഹിത്യകാരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴിക്കോട് സരോവരം പാർക്കിൽ 2013 നവംബർ 9 മുതൽ 11 വരെയാണ് അക്ഷര യുവത്വം ക്യാമ്പ് സംഘടിപ്പിച്ചത്. ശ്രീ.എംടി. വാസുദേവൻ നായർ, ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള, ശ്രീ. എം. ജി. എസ് നാരായണൻ, ശ്രീമതി വിനോദിനി ടീച്ചർ, ശ്രീ.എം മുകുന്ദൻ, ശ്രീ. കെ. ജയകുമാർ ഐ.എ.എസ്., ശ്രീ. ടി. പി. രാജീവൻ, ശ്രീമതി. അനിതാ നായർ പ്രൊഫ. വി.ആർ. സുധീഷ്, ശ്രീ. ടി. ഡി. രാമകൃഷ്ണൻ, ശ്രീ.സുഭാഷ് ചന്ദ്രൻ, ശ്രീ.കെ.പി. രാമനുണ്ണി, ശ്രീ. കെ. ഇ. എൻ. കുഞ്ഞഹമ്മദ്, ശ്രീ.പി.കെ.പാറക്കടവ്, ശ്രീ. ഗിരീഷ് പുലിയൂർ തുടങ്ങി സാഹിത്യമേഖലയിലെ അൻപതോളം പ്രമുഖരുടെ ക്ലാസ്സുകൾ, സംവാദം, അഭിമുഖം, അനുഭവം പങ്കുവയ്ക്കൽ എന്നിവ ഇതിനോടനുബന്ധിച്ച് നടന്നു. കൂടാതെ യുവചിത്രകാരൻമാർ അവരുടെ ക്യാൻവാസിൽ ക്യാമ്പിന്റെ ദൃശ്യങ്ങൾ തത്സമയം വരച്ച് പ്രദർശിപ്പിച്ചു.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപശാല

248 (6699) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐരണി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവിദ്യാഭ്യാസവും മൃഗശാലകളും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപ്പശാല പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ യുവതികളുടെ ജീവിത നിലവാരവും സാമൂഹ്യപദവിയും ഉയർത്തുക, അവരിൽ സാമൂഹ്യ അവബോധം വളർത്തി സാമൂഹ്യ വിഷയങ്ങളിൽ നേരിട്ട് ഇടപെടുന്നതിലേക്ക് വേദിയൊരുക്കുക എന്നീ വിഷയങ്ങളാണ് വനിതാശില്പശാലകൊണ്ട് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly